# Desabhimani
# 17 July 2018
# Kodamangalam, Flood, Tribal Families



കുടികൾ ഒറ്റപ്പെട്ടു

## ആയിരത്തോളം ആദിവാസി കുടുംബങ്ങൾ ദുരിതത്തിൽ

**കോതമംഗലം**

പൂയംകുട്ടി മണികണ്ഠൻചാൽ ചപ്പാത്ത് രണ്ടാഴ്ചയിലേറെയായി വെള്ളത്തിനടിയിലായതിനെ തുടർന്ന് ആദിവാസി കോളനികളിലെയും കുടിയേറ്റ ഗ്രാമങ്ങളിലെയും ആയിരങ്ങൾ വനാന്തരത്തിൽ കുടുങ്ങിയിട്ട് രണ്ടാഴ്ച പിന്നിടുന്നു. മണികണ്ഠൻചാൽ ചപ്പാത്തും ബ്ലാവന കടവും വെള്ളത്തിനടിയിലായതോടെ പത്തോളം ആദിവാസി കോളനികളും രണ്ട് കുടിയേറ്റ ഗ്രാമങ്ങളുമാണ് പുറംലോകവുമായി ബന്ധപ്പെടാനാകാതെ ഒറ്റപ്പെട്ടത്. വാരിയം, തേര, ഉറിയംപെട്ടി തുടങ്ങിയ വനത്തിനുള്ളിലെ ആദിവാസി കോളനികളാണ് കൂടുതൽ ദുരിതം അനുഭവിക്കുന്നത്.

അരിയും മറ്റ് ഭക്ഷ്യസാധനങ്ങളും തീർന്നതോടെ ഇവർ കൊടും പട്ടിണിയിലാണ്. മഴ കാരണം കടയിൽപ്പോയി സാധനങ്ങൾ വാങ്ങാൻപോലും കഴിയുന്നില്ല. കുട്ടികൾ സ്കൂളിൽ പോകാൻ കഴിയാതെ വീട്ടിലിരിക്കുകയാണ്. മരുന്ന് ലഭിക്കാത്തതിനാൽ രോഗികളും ദുരിതത്തിലാണ്.

ആറോളം ആദിവാസി കുടികൾ ഉൾപ്പെടെ ആയിരത്തോളം കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഈ പ്രദേശത്തുള്ളവരുടെ ഏക സഞ്ചാരമാർമായ മണികണ്ഠൻചാൽ ചപ്പാത്ത് നിൽക്കുന്നിടത്ത് പുതിയ പാലം എന്ന ആവശ്യം ഉയർന്നിട്ടു നാളുകൾ ഏറെയായി. അടിയന്തരമായി പാലം നിർമിച്ച്

ആദിവാസി മേഖലയെ രക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.